DESPATCHED
On 10/9/21

6/9/21

## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 570(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 5851/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി: 2021 സെപ്റ്റംബർ 6**

ശ്രീ. ദേവസ്യ,
പാലത്തിങ്കൽ ഹൗസ്,
ചെട്ടിയാംപറമ്പ് പി.ഒ.,
കേളകം, കണ്ണൂർ – 670 674. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജൂനിയർ സൂപ്രണ്ട്,
വൈൽഡ് ലൈഫ് വാർഡന്റെ കാര്യാലയം.
ആറളം വൈൽഡ് ലൈഫ് ഡിവിഷൻ,
ഇരിട്ടി – 670 703.

2) അപ്പീൽ അധികാരി &
വൈൽഡ് ലൈഫ് വാർഡൻ,
വൈൽഡ് ലൈഫ് വാർഡന്റെ കാര്യാലയം.
ആറളം വൈൽഡ് ലൈഫ് ഡിവിഷൻ,
ഇരിട്ടി – 670 703.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 01/02/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 18/02/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 05/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 05/04/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 03/04/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 07/05/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22/06/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 15/07/2021 |
| ഹിയറിംഗ് നടന്ന തീയതി | 03/09/2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | പ്രതിനിധി ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ദേവസ്യ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ

അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. എന്ന നിലയിൽ ആറളം വൈൽഡ് ലൈഫ് വാർഡൻ (യഥാർത്ഥത്തിൽ അപ്പീൽ അധികാരി) ആണ് മറുപടി നൽകിയതെന്നും ടി മറുപടിയിൽ ഒന്നാം അപ്പീൽ അധികാരിയായി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) ആണെന്നാണ് അറിയിച്ചതെന്നും ആയതുപ്രകാരം ഹർജിക്കാരൻ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതിന് 16.3.2021–ന് ലഭിച്ച മറുപടിയിൽ ഒന്നാം അപ്പീൽ അധികാരി വൈൽഡ് ലൈഫ് വാർഡൻ തന്നെയാണെന്നാണ് അറിയിച്ചതെന്നും തുടർന്ന് 5.4.2021–ന് രണ്ടാം എതിർകക്ഷി ഹർജിയുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ നൽകുവാനില്ലെന്ന മറുപടിയാണ് നൽകിയതെന്നും യഥാർത്ഥത്തിൽ ഒന്നാം എതിർകക്ഷി എസ്.പി.ഐ.ഒ.യും രണ്ടാം എതിർകക്ഷി അപ്പീൽ അധികാരിയും ആയിരുന്നുവെന്നും, തനിക്ക് ഒരു കാരണവശാലും വിവരങ്ങൾ ലഭിക്കാതിരിക്കാൻ രണ്ടാം എതിർകക്ഷി തന്റെ അധികാര പദവി ദുർവിനിയോഗം ചെയ്തിരിക്കുകയാണെന്നും ആയതിനാൽ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും പൂർണ്ണമായും സൗജന്യമായും നൽകാനും വിവരാവകാശ നിയമം ലംഘിച്ച പൊതുവിവരാവകാശ അധികാരിക്കെതിരെ 20(1), 20(2) സെക്ഷനുകൾ പ്രകാരം നടപടി സ്വീകരിക്കണമെന്നും രേഖകൾക്കുള്ള ഫീസും അധിക ചെലവും എതിർകക്ഷിയിൽ നിന്നും ഈടാക്കണമെന്നും എതിർകക്ഷിയ്ക്ക് വിവരാവകാശ നിയമത്തിൽ പരിശീലനം നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. പുഴയിൽ ചൂണ്ടയിട്ട് മീൻ പിടിക്കുന്നതിനെ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് 19/2 പ്രകാരം നിരോധിച്ചിട്ടില്ലാത്തതിനാൽ 2020 ഡിസംബർ 26–നു ചീങ്കണ്ണി പുഴയോരത്തു ചൂണ്ട ഉപയോഗിച്ച് മീൻ പിടിച്ചതിനെ ഒ.ആർ.നം.1/2020 പ്രകാരം മൃഗവേട്ടയായി ചിത്രീകരിച്ചു കേസ് രജിസ്റ്റർ ചെയ്ത നരിക്ക ഫോറസ്റ്റ് സെക്ഷൻ ഡെപ്യൂട്ടി റേഞ്ച് ഓഫീസറായ ശ്രീ. ജയേഷ് ജോസഫ് എന്ന വ്യക്തിയുടെ വിദ്യാഭ്യാസ യോഗ്യത എന്താണെന്നും

ii. മേൽപ്പടിയാന്റെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയ്ക്കു പുറമെ ടി ഉദ്യോഗത്തിൽ ഇരിക്കാൻ വേണ്ട മറ്റെന്തെങ്കിലും അധിക യോഗ്യതയോ കഴിവോ ആവശ്യമുണ്ടെങ്കിൽ ആയവ എല്ലാ എന്തൊക്കെയാണെന്നും

iii. ടിയാനു ചൂണ്ട കണ്ടാൽ അത് എന്താണെന്നു തിരിച്ചറിയാനുള്ള അറിവോ കഴിവോ പരിശീലനമോ ഉണ്ടോ എന്ന് വ്യക്തമാക്കണമെന്നും മറ്റുമായി 27 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 18.02.2021 തീയതി രണ്ടാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ല എന്നാരോപിച്ച് അപ്പീൽ ഹർജിക്കാരൻ, ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയത്തിലെ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷ തീർപ്പാക്കി നൽകിയ മറുപടിയിൽ അറിയിച്ചത്, കേരള വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്സിന്റെ 31.12.2019–ലെ ഇ5–6525/2019 നമ്പർ ഉത്തരവ് പ്രകാരം ആറളം വൈൽഡ് ലൈഫ് ഡിവിഷൻ ഓഫീസിലെ നിലവിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ടി ഓഫീസിലെ ജൂനിയർ സൂപ്രണ്ടും, അപ്പീൽ അധികാരി വൈൽഡ് ലൈഫ് വാർഡനുമാണെന്നും ആയതിനാൽ അപ്പീൽ അപേക്ഷ തുടർനടപടികൾക്കായി ആറളം വൈൽഡ് ലൈഫ് വാർഡന് കൈമാറിയിട്ടുണ്ടെന്നുമാണ്.

3. 05.04.2021 തീയതി രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന് നൽകിയിട്ടുള്ള മറുപടി വിവരാവകാശ നിയമ പ്രകാരമാണെന്നും ആയതിൽ കൂടുതൽ വിവരങ്ങൾ ഒന്നും നൽകുവാനില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നുമാണ്.

4. രണ്ടാം എതിർകക്ഷി 30.6.2021 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ദേവസ്യ സമർപ്പിച്ച അപേക്ഷയ്ക്ക് 18.2.2021–ന് നൽകിയ മറുപടിയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജൂനിയർ സൂപ്രണ്ട്, അപ്പീൽ അധികാരി, ആറളം വൈൽഡ് ലൈഫ് ഡിവിഷൻ, ഇരിട്ടി എന്ന രേഖപ്പെടുത്തലിന് പകരം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ആറളം വൈൽഡ് ലൈഫ് വാർഡൻ, അപ്പീൽ അധികാരി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം), പാലക്കാട് എന്ന് തെറ്റായി രേഖപ്പെടുത്തിപ്പോയിരുന്നു എന്നും അപേക്ഷകനെ ബോധപൂർവ്വം തെറ്റിദ്ധരിപ്പിക്കാനോ വിവരം നൽകുന്നതിന് വിമുഖത കാട്ടുന്നതിനോ ആയല്ല തികച്ചും ക്ലറിക്കൽ തെറ്റ് വന്നുപോയതാണെന്നും ആയത് സദയം ക്ഷമിക്കണമെന്നും അനധികൃതമായി ആറളം വന്യജീവി സങ്കേതത്തിനകത്ത് പ്രവേശിച്ച് വന്യജീവികളെ വേട്ടയാടിപ്പിടിക്കാൻ ശ്രമിച്ച കുറ്റത്തിന് അപേക്ഷകന്റെ മകൻ ശ്രീ. പ്രിൻസ് പി.ഡി. എന്നയാൾക്കെതിരെ ടി ഡിവിഷനു കീഴിലെ ആറളം വൈൽഡ് ലൈഫ് റെയ്ഞ്ചിലെ ഉദ്യോഗസ്ഥർ, ഒ.ആർ.1/2020–ലെ നമ്പറായി ഒരു

കേസ് ബുക്കു ചെയ്തിട്ടുള്ളതാണെന്നും ടി കേസുമായി ബന്ധപ്പെട്ടാണ് ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരമുള്ള വിവരങ്ങൾ ആവശ്യപ്പെടുന്നത് എന്നും കൂടാതെ ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ള 4, 5, 6, 7, 8, 11, 11(എ) എന്നീ ചോദ്യത്തിനുള്ള മറുപടിക്ക് അപ്പീൽ സമർപ്പിച്ചിട്ടുള്ളത് വന്യജീവി സംരക്ഷണ നിയമത്തെ കുറിച്ചുള്ള അജ്ഞതമൂലമാണെന്നും ചോദ്യം 10 ജീവനക്കാരെക്കുറിച്ചുള്ള വ്യക്തിപരമായ കാര്യങ്ങളും ചോദ്യം 15 അന്വേഷണം നടന്നുകൊണ്ടിരിക്കുന്ന ടി കേസിന്റെ സാക്ഷികളെ സ്വാധീനിക്കാനും അതുവഴി കേസിനെ ബാധിക്കുമെന്നതിനാലും വിവരം നിഷേധിച്ചിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, കേരള വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസിന്റെ 31.12.2019–ലെ ഇ5–6525/2019 നമ്പർ ഉത്തരവ് പ്രകാരം ആറളം വൈൽഡ് ലൈഫ് ഡിവിഷൻ ഓഫീസിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി ടി ഓഫീസിലെ ജൂനിയർ സൂപ്രണ്ടിനേയും അപ്പീൽ അധികാരിയായി വൈൽഡ് ലൈഫ് വാർഡനേയും സ്ഥാന നിർദ്ദേശം ചെയ്തിട്ടുള്ളതായി കാണുന്നു. എന്നാൽ അപ്പീൽ ഹർജിക്കാരൻ വിവരാവകാശ നിയമം 6(1) വകുപ്പ് പ്രകാരം അപേക്ഷ നൽകിയിരുന്നത് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ എന്ന വിലാസത്തിലാണ്. യഥാർത്ഥത്തിൽ അപേക്ഷ നൽകേണ്ടിയിരുന്നത് ജൂനിയർ സൂപ്രണ്ടിനായിരുന്നു. അപ്രകാരം തെറ്റായി ഒരു അപേക്ഷ അപ്പീൽ അധികാരിക്ക് ലഭിച്ചാൽ ആയത് എസ്.പി.ഐ.ഒ.യ്ക്ക് കൈമാറുകയാണ് അപ്പീൽ അധികാരിയായ വൈൽഡ് ലൈഫ് വാർഡൻ ചെയ്യേണ്ടിയിരുന്നത്. ആയതിന് പകരം അപ്പീൽ അധികാരിയായ ശ്രീമതി ഷജ്ന എ., തന്നെ മറുപടി നൽകുകയാണ് ഉണ്ടായിട്ടുള്ളത്. മാത്രമല്ല നൽകിയ മറുപടിയിൽ രണ്ടാം അപ്പീൽ അധികാരി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ഫീൽഡ് ഡയറക്ടർ, പാലക്കാട് എന്ന് തെറ്റായി രേഖപ്പെടുത്തുകയും ചെയ്തു. യഥാർത്ഥത്തിൽ ഒന്നാം അപ്പീൽ തീർപ്പിൽ സംസ്ഥാന വിവരാവകാശ കമ്മീഷനെയാണ് രണ്ടാം അപ്പീൽ അധികാരിയായി രേഖപ്പെടുത്തേണ്ടിയിരുന്നത്. ടി വീഴ്ചകൾ മന:പൂർവ്വമായിരുന്നില്ല എന്നതിനാലും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകുക എന്ന സദുദ്ദേശത്തോടെയാണ് അപ്പീൽ അധികാരിയായിരുന്ന ശ്രീമതി ഷജ്ന എ മറുപടി നൽകിയിട്ടുള്ളത് എന്നത് പരിഗണിച്ചും ടിയാൾക്കെതിരെ മറ്റ് നടപടികൾ കമ്മീഷൻ സ്വീകരിക്കുന്നില്ല. എന്നാൽ വിവരാവകാശ നിയമം വായിച്ച് പഠിച്ച് ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്ന് രണ്ടാം എതിർകക്ഷിയെ കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു. ഹർജിക്കാരൻ

പ്രധാനമായും ആക്ഷേപം ഉന്നയിച്ചിരിക്കുന്നത് അപേക്ഷയിലെ 1, 4, 5, 6, 7, 8, 10, 11, 11എ, 15 എന്നീ 10 ഇനങ്ങൾക്ക് നൽകിയ മറുപടി സംബന്ധിച്ചാണെന്ന് കാണുന്നു. ഇതിൽ ഒന്നാം ഇനത്തിൽ ആവശ്യപ്പെട്ട ശ്രീ. ജയേഷ് ജോസഫിന്റെ വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച് ആറളം വൈൽഡ് ലൈഫ് വാർഡൻ ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം മറുപടി നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. ഹർജിക്കാരന്റെ 4, 5, 6, 7, 8, 10, 11, 11എ എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ടിട്ടുള്ളത് വിവരാവകാശ നിയമം 2(എഫ്) വകുപ്പു പ്രകാരം നിർവ്വചിച്ചിട്ടുള്ള 'വിവരം' എന്നതിന്റെ പരിധിയിൽ വരുന്നതല്ലെന്നും മേൽപ്പടി ഇനങ്ങളിൽ ഹർജിക്കാരൻ തേടിയിരിക്കുന്നത് വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും ചോദ്യങ്ങളുമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. എന്നിരുന്നാലും ഹർജിക്കാരൻ ആവശ്യപ്പെട്ട, ഫയലിൽ ലഭ്യമായ വിവരങ്ങൾ നേരിട്ട് പരിശോധിച്ച് ആവശ്യമായ പകർപ്പുകൾ സൗജന്യമായി എടുക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും എതിർകക്ഷികൾ ഹർജിക്കാരന് ചെയ്തു കൊടുക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. ഹർജിക്കാരന്റെ മകനെതിരെ വനം വകുപ്പ് ഫയൽ ചെയ്ത ഒ.ആർ-1/2020 നമ്പർ കേസ്സിന്റെ ആവശ്യത്തിലേക്കാണ് ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം രേഖകൾ ആവശ്യപ്പെട്ടത് എന്ന് കമ്മീഷന് ബോധ്യമാകുന്നു. എന്നാൽ എസ്.പി.ഐ.ഒ. ദൈനംദിന ജോലികൾക്കൊപ്പമാണ് അവരുടെ വിവരാവകാശ ഓഫീസർ എന്ന നിലയിലുള്ള കർത്തവ്യങ്ങളും നിർവ്വഹിച്ചു വരുന്നത് എന്നതിനാൽ ബൃഹത്തായതും യാതൊരു പൊതുജന താത്പര്യമില്ലാത്തതുമായ ചോദ്യങ്ങൾ ചോദിക്കുന്നത് എതിർകക്ഷി ഓഫീസിൽ നിന്നു നൽകേണ്ടുന്ന മറ്റ് സേവനങ്ങളെ സാരമായി ബാധിക്കുമെന്ന് കമ്മീഷൻ വിലയിരുത്തുന്നു. വിവരാവകാശ നിയമപ്രകാരം വിവരം തേടുമ്പോൾ ആയത് ബന്ധപ്പെട്ട അപേക്ഷകനോ സമൂഹത്തിനോ പ്രയോജനം കിട്ടുന്നതായിരിക്കണം. അതല്ലാതെ വ്യക്തിപരമായ വിരോധത്തിന്റെ അടിസ്ഥാനത്തിലോ മറ്റേതെങ്കിലും സ്ഥാപിത താത്പര്യത്തോടെയോ അപേക്ഷകൾ നൽകി പൊതു അധികാര സ്ഥാനത്തിന്റെ സമയം വൃഥാ നഷ്ടപ്പെടുത്തേണ്ട സാഹചര്യം ഉണ്ടാകരുതെന്നും ബഹു. സുപ്രീം കോടതി സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എഡ്യുക്കേഷൻ *vs* ആദിത്യ ബന്ദോപാദ്ധ്യായ കേസിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. സുതാര്യതയുടെ പേരിൽ യാതൊരുവിധ പ്രയോജനവുമില്ലാത്ത വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ നൽകുന്നത് പൊതുഅധികാര സ്ഥാനങ്ങൾ പൊതു ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളെ തടസ്സപ്പെടുത്തുന്ന രീതിയിലാകരുത്. അപ്രകാരം തന്നെ വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകുക എന്നതാണ് ഒരു പൊതു അധികാര സ്ഥാനത്തിന്റെ പ്രധാനമായ പ്രവർത്തനം എന്ന നിലയിലേക്കും

വിവരാവകാശ അപേക്ഷകൾ എത്തിക്കുന്ന സാഹചര്യം സൃഷ്ടിക്കാൻ പാടില്ലാത്തതാണ്. ആയതിനാൽ ഹർജിക്കാരൻ നൽകുന്ന അപേക്ഷ സദുദ്ദേശത്തോടെ ആയിരിക്കണമെന്നും അതല്ലാതെ പൊതു അധികാര സ്ഥാനത്തിന്റെ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുക എന്ന ദുഷ്ടലാക്കോടെ ആയിരിക്കരുതെന്നു ഹർജിക്കാരനോടും അപ്രകാരം തന്നെ വിവരാവകാശ അപേക്ഷകനെ ശല്യക്കാരനായി കണ്ടുകൊണ്ട് ടിയാനോട് പെരുമാറരുത് എന്നു എതിർകക്ഷിയോടും കമ്മീഷൻ വ്യക്തമാക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 സെപ്റ്റംബർ 6-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
ഡോ. വിശ്വാസ് മേത്ത,
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്:

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION THIRUVANANTHAPURAM